**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1216** **02-02-2026 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021 മുതൽ നാളിതുവരെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ? | (എ) | കണ്ണപുരം കലാഗ്രാമം നിർമ്മാണം എന്ന പ്രവൃത്തി 2021-22 വർഷം ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ എന്ന ബജറ്റ് രേഖയിൽ ക്രമ നമ്പർ 119 ആയി 4 കോടി അടങ്കൽ ആയും 20 ശതമാനം തുക വകയിരുത്തിയും (lump provision) ഉൾപ്പെടുത്തിയിരുന്നു. 12/01/2026ലെ സ.ഉ (സാധാ)നം.23/2026/സാം.കാ.വ നമ്പർ സർക്കാർ ഉത്തരവ് (അനുബന്ധമായി ചേർക്കുന്നു) പ്രകാരം കണ്ണപുരം കലാഗ്രാമം എന്ന പദ്ധതിയുടെ നിർമ്മാണത്തിനായി സാംസ്കാരിക വകുപ്പിന്റെ കീഴിലെ ശീർഷകത്തിൽ ചെലവ് വകയിരുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. PWD വഴി നടപ്പിലാക്കുന്ന ടി പ്രവൃത്തിക്ക് 8443-00-108-00-00-00-00-PV എന്ന deposit ശീർഷകത്തിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വർക്ക് ഡെപ്പോസിറ്റ് ആയി പ്രവൃത്തി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

A1/3/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കണ്ണൂർ ജില്ലയിൽ കണ്ണപുരം കലാഗ്രാമം പദ്ധതി നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.23/2026/CLAD തീയതി,തിരുവനന്തപുരം, 12-01-2026

---

പരാമർശം:- സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 07.10.2025 തീയതിയിലെ പി2-1370/2024/സാം.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിൽ കണ്ണപുരം കലാഗ്രാമം എന്ന പദ്ധതിയുടെ നിർമ്മാണത്തിനായി 2021-22 വർഷം ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ ഉൾപ്പെടുത്തി ക്രമ നമ്പർ 119 സാംസ്കാരിക വകുപ്പിന്റെ കീഴിലെ ശീർഷകത്തിൽ ചെലവ് വകയിരുത്തി 5054-80-800-66 എന്ന ശീർഷകത്തിൽ 2 കോടി രൂപ അടങ്കൽ നിശ്ചയിച്ച 20 ശതമാനം തുകയായി 40,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി പ്രൈസ് സോഫ്റ്റ്വെയറിൽ തയാറാക്കിയ എസ്റ്റിമേറ്റ്, തുക അനുവദിക്കേണ്ട ശീർഷകം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് പൊതുമരാമത്തു വകുപ്പ് കണ്ണൂർ കെട്ടിട ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനാശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സാംസകാരിക വകുപ്പ ഡയറകടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ കണ്ണപുരം കലാഗ്രാമം എന്ന പദ്ധതിയിയുടെ നിർമ്മാണത്തിനായി സാംസ്കാരിക വകുപ്പിന്റെ കീഴിലെ ശീർഷകത്തിൽ ചെലവ് വകയിരുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടവിക്കുന്നു. PWD വഴി പ്രവൃത്തി നടപ്പിലാക്കുന്നതിനായി 8443-00-108-00-00-00-00-PV എന്ന deposit ശീർഷകത്തിലേക്ക് തുക Transfer Credit ചെയ്ത് വർക്ക് ഡെപ്പോസിറ്റ് ആയി പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള ഫോക് ലോർ അക്കാദമി, കണ്ണൂർ

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E-3018815/EDN- D1/6/2025/Fin dated 16.12.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ